ഉത്തരം

(എ) നെടുങ്കുന്നം ഗവൺമെന്റ് ആയുർവ്വേദ ഡിസ്പെൻസറിയെ 30 കിടക്കകളോടുകൂടിയ ആശുപത്രിയായി ഉയർത്തുന്നതിന് കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ബഹുമാനപ്പെട്ട എം.എൽ.എ. ഡോ. എൻ. ജയരാജിന്റെ ആസ്തി വികസന ഫണ്ടിൽ നിന്നും 7-12-2015-ലെ സ.ഉ. (സാധാ) നമ്പർ 59/2015/ആയുഷ് ഉത്തരവ് പ്രകാരം 100 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്.

പഞ്ചായത്തുകളിൽ ആയുർവ്വേദ ചികിത്സാ കേന്ദ്രങ്ങൾ

118 (2398) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എം. പി. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ പഞ്ചായത്തുകളിലും ആയുർവ്വേദ ചികിത്സാ കേന്ദ്രങ്ങൾ ആരംഭിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) എല്ലാ പഞ്ചായത്തുകളിലും ആയുർവ്വേദ ചികിത്സാ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) എല്ലാ ജനവിഭാഗങ്ങൾക്കും സൗജന്യമായി മെച്ചപ്പെട്ട ആയുർവ്വേദ ചികിത്സ ലഭ്യമാക്കുവാൻ ഇതുവഴി ഉദ്ദേശിക്കുന്നു.

(സി) ഈ ഗവൺമെന്റ് 77 പുതിയ ഗവൺമെന്റ് ആയുർവ്വേദ ഡിസ്പെൻസറികൾ ആരംഭിച്ചിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷം പുതിയ ഗവൺമെന്റ് ആയുർവ്വേദ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിന് 54 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly